# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2163     11/02/2020-ൽ മറുപടിക്ക്

### സ്വകാര്യ ലാബുകളിൽ വ്യത്യസ്ത പരിശോധനാ ചാർജ്ജുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) വിവിധ സ്വകാര്യ ലാബുകൾ ഒരേ പരിശോധനാ ഫലങ്ങൾക്കായി വ്യത്യസ്ത ചാർജ്ജുകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) സംസ്ഥാനത്തെ സ്വകാര്യ പരിശോധന ലാബുകൾ ഏകീകൃത ചാർജ്ജ് ഈടാക്കുന്ന തരത്തിൽ നിയമം കൊണ്ടുവരുവാൻ സാധിക്കുമോ എന്നറിയിക്കാമോ; | ബി) സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ, ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. |
| സി) സ്വകാര്യ ലാബുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്, വിശദമാക്കുമോ? | സി) ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ